Lalith Babu

# സർവ്വേ നമ്പർ കണ്ടെത്തുന്നതിനായി ബേസിക് ടാക്സ് രജിസ്റ്റർ പരിശോധിക്കുവാൻ അപേക്ഷകന് അവസരം നൽകേണ്ടതാണെന്ന് വിവരാവകാശ കമ്മീഷൻ

പരാതിക്കാരനായ കണ്ണൻ, 01-02-2010 തിയതി വച്ച് എതൃകക്ഷി മുമ്പാകെ വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. ഒരു വസ്തുവിന്റെ സ്കെച്ച് പ്ലാൻ ഉൾപ്പെടെ ഫീൽഡ് മെഷർമെന്റ് ബുക്കിന്റേയും ബേസിക് ടാക്സ് രജിസ്റ്ററിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് പരാതിക്കാരൻ ആവശ്യപ്പെട്ടത്. 25/10/1982 ലും 02/03/1990 ലും നികുതിയൊടുക്കിയതിന്റെ രസീതുകൾ അപേക്ഷയോടൊപ്പം ഹാജരാക്കുകയുണ്ടായി. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം കണ്ടുപിടിക്കുന്നതിന് ഒറിജിനൽ ആധാരം ഹാജരാക്കണമെന്നും വസ്തുവിന്റെ റീ സർവ്വെ നമ്പർ അറിയിക്കണമെന്നും മറുപടി നൽകിയതിനെക്കുറിച്ച് പരാതിപ്പെട്ടുകൊണ്ടാണ് കമ്മിഷൻ മുമ്പാകെ പരാതി സമർപ്പിച്ചിരിക്കുന്നത്.

പരാതിയിൽ എതൃകക്ഷി 06/03/2010 തിയതി വച്ച് കമ്മിഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പരാതിക്കാരനെയും എതൃകക്ഷിയേയും 07/05/2010 ന് കണ്ണൂർ കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസ് ഹാളിൽ നടന്ന ഹിയറിങ്ങിൽ കമ്മിഷൻ നേരിൽ കേട്ടിട്ടുള്ളതാണ്. വസ്തുവിന്റെ പഴയ സർവ്വെ നമ്പർ ലഭിച്ചാൽ മാത്രമേ പരാതിയിൽ ആവശ്യപ്പെട്ട വിവരം നൽകുവാൻ സാധിക്കുകയുള്ളൂവെന്ന് എതൃകക്ഷി കമ്മിഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ബേസിക് ടാക്സ് രജിസ്റ്റർ വിശദമായി പരിശോധിച്ച് വസ്തുവിന്റെ സർവ്വെ നമ്പർ കണ്ടുപിടിക്കുവാൻ സാധിക്കുമെന്ന് എതൃകക്ഷി കമ്മിഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ഇപ്രകാരം ബേസിക് ടാക്സ് രജിസ്റ്റർ വിശദമായി പരിശോധിച്ച് സർവ്വെ നമ്പർ കണ്ടുപിടിക്കുന്നതിന് പരാതിക്കാരനോ, പരാതിക്കാരന്റെ പ്രതിനിധിക്കോ അവസരം നൽകേണ്ടതാണെന്ന് എതൃകക്ഷിക്ക് കമ്മിഷൻ നിർദ്ദേശം നൽകുകയുണ്ടായി. അതിനുള്ള സ്ഥലവും തിയതിയും നിശ്ചയിച്ചുകൊണ്ടുള്ള അറിയിപ്പ് പരാതിക്കാരന് നൽകുവാൻ കമ്മിഷൻ നിർദ്ദേശം നൽകുകയുണ്ടായി.

പരാതിയിൽ 07/05/2010 ൽ നടന്ന ഹിയറിങ്ങിൽ എതൃകക്ഷിക്ക് നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരാതിയിൽ മേൽനടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു. കമ്മിഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച നടപടി റിപ്പോർട്ട് 31/05/2010 ന് മുമ്പായി കമ്മിഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

പരാതി ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2010 മേയ് മാസം 14-ാം തിയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.